(സി) വീണ്ടും അംഗങ്ങളെ ചേർത്തു് കമ്മിറ്റി പുതുക്കുന്നതാണു്.

MR. P. T. CHACKO: ഈ സഭയിലെ ഏതോ മെമ്പറന്മാർ ടെക് സ്റ്റൈൽ കമ്മിറ്റി സംബന്ധിച്ചു് കോഴവാങ്ങിയ വിവരം പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതും ആ വിവരം കഴിഞ്ഞ സമ്മേളനത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ആണല്ലോ. എന്നാൽ അതിനെപ്പറ്റി ഗവണ്മെൻറു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നതായിട്ടറിയാം. എന്നാൽ ആ സംഗതിയെപ്പറ്റി ഗവണ്മെൻറിന നടപടി നടത്തണമെന്നില്ല.

MR. P. T. CHACKO : ആ പത്ര പ്രസ്താവനയെപ്പറ്റി ഈ സഭയിലെ മെമ്പറന്മാർക്കെല്ലാം അറിവുള്ളതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നിയിട്ടില്ലേ?

HON'BLE MR. T. M. VARGHESE : എല്ലാവക്കും അറിവുണ്ടായിരിക്കാം.

MR. P. T. CHACKO : എല്ലാ മെമ്പറന്മാക്കും അറിവുള്ള സ്ഥിതിക്ക് അതിന്റെ സൂക്ഷ്മാവസ്ഥയെ ഗ്രഹിക്കുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെങ്കിലും സ്റ്റെപ്പ് എടുക്കേണ്ടതല്ലേ?

HON'BLE MR. T. M. VARGHESE : ആ സംഗതിയെപ്പറ്റി എന്തെങ്കിലും നടപടി നടത്തണമോ വേണ്ടയോ എന്നുള്ള കാര്യം ഗവണ്മെൻറിന്റെ അലോചനയ്ക്ക് വിഷയമായിട്ടില്ല.

Eviction of Verumpattam Kudiyans.

104. MR. PAUL THALIAT: Will the Honourable Minister for Lands be pleased to state;

(*a*) whether he is aware that many jenmies in the Northern Taluks of the state are resorting to urgent steps to evict Verumpattam Kudiyans from their holdings; and

(*b*) if the answer to part (*a*) is in the affirmative will the Government be pleased to take necessary steps immediately to stop all kinds of eviction proceedings?

HON'BLE MR. C. KESAVAN:

(*a*) No.

(*b*) Does not arise in veiw of the answer to part (a)

MR. PAUL THALIAT : വടക്കൻ താലൂക്കുകളിൽ നിന്നും കുടിയിറക്കുന്നതിനെ സംബന്ധിച്ചുള്ള പരാതികളെപ്പറ്റി ധാരാളം ഹർജികൾ ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. C. KESAVAN : വടക്കൻ താലൂക്കുകളിൽനിന്നും ഏതാനും ഗവർജികം കിട്ടിയിട്ടുണ്ട്. പക്ഷെ അതു ഭൂമി സംബന്ധിച്ചു വളരെ ഗൗരവം അർഹിക്കുന്ന ഒരു കാര്യം ആയതുകൊണ്ടു, തിരുവിതാംകൂർ ഭൂമിയുടെ ടെന്യൂറിന്റെ വിവിധതയും രീതികളും പഠിച്ചാലോചിച്ചു, മൊത്തത്തിൽ അതിനൊരു പരിഹാരം ഉണ്ടാക്കാമെന്നല്ലാതെ കൂടിയിറക്കിലനെപ്പറ്റി വടക്കൻ തിരുവിതാംകൂറിലെ ജന്മിമാരെ സംബന്ധിച്ചിടത്തോളം പെട്ടന്നൊരു തീരുമാനം ഉണ്ടാക്കാൻ സാധ്യമല്ല. ഈ വക കാര്യങ്ങളെപ്പറ്റി അന്വേഷണം ചെയ്തു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിക്കേണ്ട കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചു വരികയാണ്.

MR. PAUL THALIAT : നിലവിലിരിക്കുന്ന എവിക്ഷൻ കേസുകളെ സംബന്ധിച്ചുള്ള നടപടികൾ നിർത്തിവയ്ക്കുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

HON'BLE MR. C. KESAVAN : അതിനെപ്പറ്റി ആലോചിക്കാം.

MR T. K. NARAYANA PILLAI (*Parur II—General*) : അങ്ങനെ ഒരു കമ്മിറ്റി സമീപകാലത്തു തന്നെ ഉണ്ടാകുമെന്നു വിശ്വസിക്കട്ടെയേ?

HON'BLE MR. C. KESAVAN : വിശ്വാസത്തിനുള്ള സമയമായിട്ടില്ല.

MR. A. K. PATCHU PILLAI : ആ കമ്മിറ്റിയെ നിയമിക്കാൻ ഉദ്ദേശം ഏതു കാലത്താമസം ഉണ്ടാകുമെന്നു പറയാൻ മനസ്സുണ്ടാകുമോ?

HON'BLE MR. C. KESAVAN : വിവിധതാൽപര്യങ്ങളെ ബാധിക്കുന്ന പല സംഗതികളും ഇതിൽ ഉൾക്കൊണ്ടിട്ടുള്ളതുകൊണ്ടും, വിവിധതാൽപര്യക്കാർ ഇതിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടും അവയെല്ലാം ആലോചിച്ചതിനു ശേഷമേ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

MR. A. K. PATCHU PILLAI : പല താൽപര്യക്കാരോടും ആലോചിച്ചതിനു ശേഷമേ ഈ കമ്മിറ്റി നിയമിക്കുകയുള്ളൂ എന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

HON'BLE MR. C. KESAVAN : ആ അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*) : കുടിയിറക്കൽ സംബന്ധിച്ചു സ്ത്രീകളും കുട്ടികളും ഉള്ള അനേകം കുടുംബങ്ങൾ നിരാധാരരായി പോകുമെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. C. KESAVAN : ആരെയും നിരാധാരരാക്കണമെന്ന് ഗവണ്മെൻറിനുദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly